<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2325</u> <u>12-02-2024 - ൽ മറുപടിയ്ക്ക്</u>

<u>പാരാമെഡിക്കൽ കൗൺസിൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന് പുറത്ത് പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് പാരാമെഡിക്കൽ കൗൺസിൽ മുഖേന രജിസ്ട്രേഷൻ നടത്തുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **8/3/2022 ലെ ജി.ഒ(എം.എസ്) 52/2022/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികൾക്ക്, അവർ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ അതത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നുള്ളവരും അതാത് സംസ്ഥാനത്തിന്റെ റഗുലേറ്ററി ബോഡിയുടെ രജിസ്ട്രേഷൻ ഉള്ളവരും ആണെങ്കിൽ കേരളാ പാരാമെഡിക്കൽ രജിസ്ട്രേഷൻ നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽമിക്ക സംസ്ഥാനങ്ങളിലും കോഴ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഒരു റഗുലേറ്ററി ബോഡി ഇല്ലാത്തതിനാൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് ഇപ്പോൾ നിലവിലുണ്ട്. 28/09/2022 ലെ ജി.ഒ(പി) 53/2022/ ആകുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൗൺസിൽ പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്ന മുറക്ക് മറ്റു സംസ്ഥാനങ്ങളിൽ പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.** |
| (ബി) | നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ടിന്റെ വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാനത്ത് സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | രൂപീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന് പുറത്തെ യു.ജി.സി. അംഗീകൃത ആരോഗ്യ സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള | (സി) | **കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്ന** |

| | | | |
|---|---|---|---|
| | സ്ഥാപനങ്ങളിൽ നിന്നും വിവിധ ബിരുദ പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച് കേരളത്തിൽ തിരിച്ചെത്തുന്ന ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ നൽകാത്തതിനാൽ തൊഴിലവസരങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | **മുറക്ക് മറ്റു സംസ്ഥാനങ്ങളിൽ പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ